(ഡി) 2000-ലെ കേരള വികലാംഗ നിയമത്തിലെ റൂൾ 7 പ്രകാരം വ്യാജ വികലാംഗ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയതായി ആരോപിക്കപ്പെടുന്ന 19 പേരുടെ വികലാംഗ സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിക്കുന്നതിനായി മെഡിക്കൽ കോളേജ് സൂപ്രണ്ട് ചെയർമാനായുള്ള അപ്പലേറ്റ് മെഡിക്കൽ ബോർഡ് രൂപീകരിക്കുവാൻ വേണ്ടി നിർദ്ദേശം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

വികലാംഗരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ

81 (677) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗ വികസന കോർപ്പറേഷൻ വഴി വികലാംഗരുടെ സ്വയം തൊഴിലിനായി നൽകിവരുന്ന വായ്പകളുടെയും മറ്റ് ആനുകൂല്യങ്ങളുടേയും വിശദവിവരം അറിയിക്കുമോ ;

(ബി) സാമൂഹ്യക്ഷേമ വകുപ്പുവഴിയും മറ്റ് ഏജൻസികൾവഴിയും വികലാംഗരുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) അനുബന്ധം- 1 ആയി ചേർത്തിട്ടുണ്ട്. †

(ബി) 1995-ലെ വികലാംഗ സംരക്ഷണ നിയമം സംബന്ധിച്ചും വികലാംഗർക്കായുള്ള അവകാശങ്ങളെ സംബന്ധിച്ചും മുനിസിപ്പൽ/കോർപ്പറേഷനുകളിലേയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കായി സെമിനാറുകൾ, ടി. വി. ചാനലുകളിലൂടെ വീഡിയോ ക്ലിപ്പിംഗ്, ഡോക്യുമെന്ററി എന്നിവയുടെ സംപ്രേക്ഷണം കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുക എന്നീ പരിപാടികൾ വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റു തലത്തിൽ ചെയ്തു വരുന്നുണ്ട്. കൂടുതൽ വിവരങ്ങൾ അനുബന്ധം - 2 ആയി ചേർത്തിട്ടുണ്ട്. *

വികലാംഗ സർട്ടിഫിക്കറ്റ് നൽകാൻ നടപടി

82 (679) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പ് നൽകുന്ന വികലാംഗ സർട്ടിഫിക്കറ്റ് ഇപ്പോൾ ഏതെല്ലാം കാര്യങ്ങൾക്കാണ് ആധികാരിക രേഖയായി കണക്കാക്കുമെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly